REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-10-2023 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസ് കൊച്ചിയിൽ ഉച്ച കഴിഞ്ഞ് കേന്ദ്രമന്ത്രി പർഷോത്തം രുപാല ഉദ്ഘാടനം ചെയ്യും.
- ഇസ്രായേലിലെ മലയാളികൾ അടക്കം ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തര ഇടപെടൽ വേണമെന്ന് കേന്ദ്രത്തോട് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഇന്ത്യൻ കായിക താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് ഡൽഹിയിൽ അഭിസംബോധന ചെയ്യും.
- 15,000 മഞ്ഞ റേഷൻ കാർഡുകളുടെ വിതരണം വൈകിട്ട് തിരുവനന്തപുരത്ത്.
- മിൽമയിൽ നിന്ന് കോടികൾ കൊള്ളയടിച്ചവർക്കെതിരെ അടിയന്തര നടപടി വേണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ.

## വാർത്തകൾ വിശദമായി

**പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസ് കൊച്ചിയിൽ ഉച്ച കഴിഞ്ഞ് കേന്ദ്രമന്ത്രി പർഷോത്തം രുപാല ഉദ്ഘാടനം ചെയ്യും.**

രാജ്യത്തെ കാർഷിക, കാർഷികാനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസന പ്രവർത്തനങ്ങളും ചർച്ചചെയ്യുന്ന സമ്മേളനം ഇതാദ്യമായാണ് സംസ്ഥാനത്ത് സംഘടിപ്പിക്കുന്നത്. പ്രമുഖ അക്കാദമിക് വിദഗ്ധർ, ഗവേഷകർ, കർഷകർ, സംരംഭകർ തുടങ്ങിയവർ നാലുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. "സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക-ഭക്ഷ്യ സംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ" എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. പാരിസ്ഥിതിക ശോഷണം, കാലാവസ്ഥ വ്യതിയാനങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ കാർഷിക ഭക്ഷ്യ സംവിധാനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

ഇസ്രായേലിലെ 7,000 ത്തോളം മലയാളികൾ അടക്കം ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തരമായി ഇടപെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കറിനോട് ആവശ്യപ്പെട്ടു. ഇസ്രായേലിലെ സംഘർഷം സാധാരണക്കാർക്ക് ദുരിതങ്ങൾ വരുത്തിവെക്കുന്നതായും അവരുടെ കുടുംബാംഗങ്ങൾ ആശങ്കയിലാണെന്നും കേന്ദ്രമന്ത്രിക്കയച്ച കത്തിൽ പിണറായി വിജയൻ പറഞ്ഞു.

✪✪✪

ഇസ്രയേൽ - ഹമാസ് സംഘർഷത്തിൽ മരിച്ചവരുടെ എണ്ണം 1,600 കവിഞ്ഞു. 900-ലധികം ഇസ്രായേലികളും കുറഞ്ഞത് 687 പാലസ്തീനികളും സംഘർഷത്തിൽ കൊല്ലപ്പെട്ടതായി വിവിധ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

2,600 ഇസ്രായേലികൾക്കും 3,726 പാലസ്തീനികൾക്കും പരുക്കേറ്റിട്ടുണ്ട്. ഡസൻ കണക്കിന് ആളുകൾ ബന്ദികളാക്കപ്പെട്ടതായും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

✪✪✪

ഗാസ മുനമ്പിൽ കുടുങ്ങിക്കിടക്കുന്ന, പാലസ്തീൻ പൗരന്മാർക്ക് അടിയന്തിര മാനുഷിക സഹായം എത്തിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടനയ്ക്ക് അവിടേക്ക് പ്രവേശനം അനുവദിക്കണമെന്ന് U.N സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ആവശ്യപ്പെട്ടു. ഈ ശ്രമങ്ങൾക്ക് പിന്തുണ നൽകണമെന്ന് അന്താരാഷ്ട്ര സമൂഹത്തോട് അദ്ദേഹം അഭ്യർഥിച്ചു.

✪✪✪

കേരളത്തിന്റെ വൈവിദ്ധ്യമാർന്ന സംസ്കൃതിയും സാമൂഹ്യ മുന്നേറ്റങ്ങളും ലോകത്തിനു മുന്നിൽ വിളംബരം ചെയ്യുന്നതായിരിക്കും കേരളീയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഫേസ്ബുക്കിൽ കുറിച്ചു.

ഇതോടനുബന്ധിച്ച് ലോകത്തെവിടെനിന്നും മലയാളികൾക്ക് പങ്കെടുക്കാവുന്ന ഓൺലൈൻ മെഗാ ക്വിസും ഉണ്ടാവും. ഈ മാസം 19ന് ഇന്ത്യൻ സമയം രാത്രി ഏഴരയ്ക്കാണ് ഓൺലൈൻ ക്വിസ് മത്സരം. വിജയികൾക്ക്

ഒരു ലക്ഷം രൂപയും മൊമെന്റോയും സർട്ടിഫിക്കറ്റും സമ്മാനിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

കുട്ടികളിലെ പോഷകാഹാരക്കുറവ് നിയന്ത്രിക്കുന്നതിന് മാർഗരേഖ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി സ്മൃതി ഇറാനി ന്യൂഡൽഹിയിൽ ഇന്ന് പുറത്തിറക്കും. അംഗൻവാടി തലത്തിൽ പോഷകാഹാരക്കുറവുള്ള കുട്ടികളെ തിരിച്ചറിയുന്നതിന് വിശദമായ നടപടി മാർഗരേഖയിലുണ്ടാകും.

രാജ്യത്തുടനീളം വനിതാ-ശിശു വികസന, ആരോഗ്യ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളത്തിന്റെയും സർവീസ് പെൻഷൻകാരുടെ പെൻഷന്റെയും ഒരു ഭാഗം പിടിച്ചെടുത്ത് പ്രത്യേക നിധി രൂപീകരിക്കും എന്നത് വ്യാജ പ്രചാരണം ആണെന്ന് മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. ജീവനക്കാരെയും പെൻഷൻകാരെയും തെറ്റിദ്ധരിപ്പിച്ച് സംസ്ഥാന ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻ ചിലർ വ്യാജ വാർത്തകൾ സൃഷ്ടിക്കുകയാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

നിയമനക്കോഴ തട്ടിപ്പിനെക്കുറിച്ച് അന്വേഷണം പൂർത്തിയായതിന് ശേഷം ആരോപണങ്ങൾക്ക് മറുപടി പറയുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനം സത്യത്തിന്റെ പാതയിലാണെന്നും മന്ത്രി കൊച്ചിയിൽ പറഞ്ഞു.

✪✪✪

ആരോഗ്യ മന്ത്രിക്കെതിരെയും ഓഫീസിനെതിരെയും അഴിമതി ആരോപണം ഉന്നയിക്കുന്നത് ആസൂത്രിത ശ്രമത്തിന്റെ ഭാഗമാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ കണ്ണൂരിൽ പറഞ്ഞു. അന്വേഷണത്തിൽ എല്ലാ വിവരങ്ങളും പുറത്തുവരികയാണെന്നും മാധ്യമങ്ങളുടെ പ്രചാര വേല തകർന്നെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

2022-ലെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സര ജേതാക്കൾക്ക് വൈകീട്ട് എടപ്പാളിൽ മന്ത്രി സജി ചെറിയാൻ അവാർഡുകൾ സമ്മാനിക്കും. മന്ത്രി V. അബ്ദുറഹിമാൻ മുഖ്യാതിഥിയായി പങ്കെടുക്കും. 19 ഇനങ്ങളിലാണ് അക്കാദമി അവാർഡുകൾ നൽകുന്നത്.

✪✪✪

കേന്ദ്ര-ഗവൺമെന്റ് നടപ്പാക്കുന്ന അമൃത് 2.0 സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ തൊടുപുഴ നഗരസഭാതല ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. നഗരസഭയിലെ 35 വാർഡുകളിലും കുടിവെള്ളക്ഷാമം നേരിടുന്ന എല്ലാ

കുടുംബങ്ങൾക്കും വാട്ടർ കണക്ഷനുകൾ എത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

നാട്ടാനകളെ ഉത്സവങ്ങൾക്ക് ഉപയോഗിക്കുന്നത് തടയണമെന്ന ഹർജിയിൽ ഇടപെടാൻ സുപ്രീം കോടതി വിസമ്മതിച്ചു. വിഷയം ഹൈക്കോടതിയിൽ ഉന്നയിക്കാൻ പരാതിക്കാരോട് സുപ്രീം കോടതി നിർദ്ദേശിച്ചു.

✪✪✪

S.N.C ലാവലിൻ കേസ് സുപ്രിംകോടതി ഇന്ന് വീണ്ടും പരിഗണിക്കും. ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ദീപാങ്കർ ദത്ത, ജസ്റ്റിസ് ഉജ്ജൽ ഭുവിയാൻ എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിക്കുക.

2017ൽ സുപ്രിം കോടതിയിലെത്തിയ കേസ് ആറ് വർഷത്തിനിടെ നാല് ബെഞ്ചുകളിലായി 34 തവണയാണ് ലിസ്റ്റ് ചെയ്തത്.

✪✪✪

ഏഷ്യൻ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഇന്ത്യൻ കായിക താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ധ്യാൻ ചന്ദ് സ്റ്റേഡിയത്തിൽ താരങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ചൈനയിലെ ഹാങ്ചൗവിൽ കഴിഞ്ഞ ദിവസം സമാപിച്ച ഏഷ്യൻ ഗെയിംസിൽ 28 സ്വർണ മെഡലുകൾ ഉൾപ്പെടെ 107

മെഡലുകളാണ് ഇന്ത്യ നേടിയത്. ഗെയിംസിലെ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണിത്.

✪✪✪

ധരംശാലയിൽ ഏകദിന ലോകകപ്പ് ക്രിക്കറ്റിലെ ഏഴാം മത്സരത്തിൽ ബംഗ്ലാദേശിനെതിരെ ഇംഗ്ലണ്ട് ബാറ്റിംഗ് തുടരുന്നു.

*ഒടുവിൽ വിവരം കിട്ടുമ്പോൾ ഇംഗ്ലണ്ട് 23 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 143 റൺസ് എടുത്തിട്ടുണ്ട്.*

നേരത്തെ ടോസ് നേടിയ ബംഗ്ലാദേശ് ഇംഗ്ലണ്ടിനെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

ഇന്നത്തെ രണ്ടാം മത്സരത്തിൽ ഉച്ചക്ക് ശേഷം രണ്ടിന് ഹൈദരാബാദിൽ പാക്കിസ്ഥാൻ ശ്രീലങ്കയുമായി ഏറ്റുമുട്ടും.

നാളെ ഡൽഹിയിൽ ഇന്ത്യ അഫ്ഗാനിസ്ഥാനുമായി മത്സരിക്കും.

✪✪✪

കോഴിക്കോട് റവന്യു ജില്ലാ സ്കൂൾ കായികമേള 12 മുതൽ 14 വരെ ഒളിംപ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ നടക്കും. മേളയുടെ ലോഗോ കോഴിക്കോട് D.D.E. സി. മനോജ് കുമാർ പ്രകാശനം ചെയ്തു. 17 സബ് ജില്ലകളിൽ നിന്നും 3,500 താരങ്ങളും അധ്യാപകരും ഒഫിഷ്യൽസും പങ്കെടുക്കും. ആറ് വിഭാഗങ്ങളിലായി 102 ഇനങ്ങൾ നടക്കും.

✪✪✪

സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന 'ആർദ്രം ആരോഗ്യം'പരിപാടിയുടെ ഭാഗമായി മന്ത്രി വീണ ജോർജ് രാവിലെ ഫോർട്ട് കൊച്ചി, കരിവേലിപ്പടി, പള്ളുരുത്തി ആശുപത്രികൾ സന്ദർശിച്ചു.

✪✪✪

15,000 മഞ്ഞ റേഷൻ കാർഡുകളുടെ സംസ്ഥാനതല വിതരണം മന്ത്രി G.R അനിൽ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. റേഷൻ കാർഡുകളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും "തെളിമ" പദ്ധതിയുടെ മൂന്നാം ഘട്ട ഉദ്ഘാടനവും ഇതിന്റെ ഭാഗമായി നടക്കും.

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് ആഗസ്ത് മാസത്തെ കമ്മീഷൻ വിതരണം ചെയ്തതായി മന്ത്രി G.Rഅനിൽ അറിയിച്ചു. സെപ്റ്റംബർ മാസത്തെ കമ്മീഷൻ ഇന്നു മുതൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ജനകേന്ദ്രീകൃത നവവിജ്ഞാന സമൂഹത്തെ വാർത്തെടുക്കുകയാണ് ഉന്നത വിദ്യാഭ്യാസ പദ്ധതികളുടെ ലക്ഷ്യമെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഏറനാട് താലൂക്ക് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് കീഴിലെ

അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജും കോ-ഓപറേറ്റീവ് എഡ്യുപാർക്കും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരളത്തിന് അനുയോജ്യമായ മത്സ്യ ഉത്പാദന വിപണന പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പാലക്കാട് ആലത്തൂർ മത്സ്യഭവൻ കെട്ടിടം മംഗലംഡാമിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഉൾനാടൻ ജലാശയങ്ങൾ മത്സ്യ കൃഷിക്കായി ഉപയോഗിക്കാൻ തയ്യാറാവണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

മിൽമയിൽ നിന്ന് 200 കോടി രൂപ കൊള്ള ചെയ്തെന്ന ആരോപണം നേരിടുന്നവരെ 24 മണിക്കൂറിനകം നടപടിയെടുത്ത് പുറത്താക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് കോൺഗ്രസിന്റെ പ്രതിഷേധ ധർണ്ണയിൽ സംസാരിക്കുകായിരുന്നു അദ്ദേഹം.

കണ്ടല സഹകരണ ബാങ്കിലെ തട്ടിപ്പുകാരെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റിന്റേതെന്നും V.D. സതീശൻ പറഞ്ഞു. നിക്ഷേപകരെ സംരക്ഷിച്ച് കൊള്ളക്കാരെ പുറത്താക്കിയില്ലെങ്കിൽ ബഹുജന പ്രക്ഷോഭം ഉയർത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ്

കോംപ്ലക്സും നിർമിക്കുന്നതിനു ധാരണാ പത്രം ഇന്ന് ഒപ്പുവയ്ക്കും.

സംസ്ഥാന ഗവണ്മെന്റ് കിഫ്ബി ഫണ്ടിൽനിന്ന് 57 കോടി രൂപ ചെലവിട്ടാണ് സർവകലാശാലാ കാമ്പസിനു സമീപമുള്ള നിലവിലെ ഗ്രൗണ്ടിൽ വിപുല സൗകര്യങ്ങളോടെ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നത്.

✪✪✪

സുഗന്ധവ്യഞ്ജന കൃഷിക്കും മൂല്യവർധിത ഉൽപന്ന വ്യവസായത്തിനും പ്രതീക്ഷയേകി ഇടുക്കി തുടങ്ങനാട്ടിലെ കിൻഫ്ര സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ടം ഈ മാസം 14-ന് പ്രവർത്തനം ആരംഭിക്കും. പാർക്കിന്റെ ആദ്യഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

15 ഏക്കർ സ്ഥലത്ത് 20 കോടിയോളം രൂപ ചെലവഴിച്ചാണ് ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ബ്രൂസല്ലോസിസ് തിരുവനന്തപുരം വെമ്പായത്ത് രണ്ടുപേരിൽ സ്ഥിരീകരിച്ചു. ക്ഷീര കർഷകനായ യുവാവിലും പിതാവിലുമാണ് രോഗം കണ്ടെത്തിയത്. ഇവർ മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. വീട്ടിലെ മറ്റംഗങ്ങളിൽ അസുഖം കണ്ടെത്താനായില്ല.

✪✪✪

റെയ്ഡിനിടയിൽ വിജിലൻസ് പിടിച്ചെടുത്ത 47 ലക്ഷത്തി 35,000 രൂപ വിട്ടുകിട്ടാൻ നടപടി ആവശ്യപ്പെട്ട് മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറി K.M ഷാജി നൽകിയ ഹർജിയിൽ ഹൈക്കോടതി ഇന്ന് വിധി പറയും. കഴിഞ്ഞ വർഷം K.M ഷാജിയുടെ കണ്ണൂർ അഴീക്കോട്ടെ വീട്ടിൽ നിന്നാണ് പണം പിടികൂടിയത്. തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനായി പിരിച്ച പണമാണ് വിജിലൻസ് കൊണ്ടുപോയതെന്നാണ് ഷാജിയുടെ വാദം.

✪✪✪